## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2832.** **17.06.2019 ൽ മറുപടിയ്ക്ക്**

### ലഹരി പദാർത്ഥങ്ങളുടെ കള്ളക്കടത്ത് തടയാൻ പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.കെ. ദാസൻ | | ശ്രീ.ടി.പി.രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | കേരളത്തിലേക്ക് കള്ളക്കടത്തായി പല വഴികളിലൂടെയും ലഹരി / മയക്കമരുന്ന് പദാർത്ഥങ്ങൾ എത്തിച്ചേരുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഇത്തരം പദാർത്ഥങ്ങളുടെ കള്ളക്കടത്ത് തടയുന്നതിനായി സംസ്ഥാന എക്സൈസ് വകുപ്പ് ഏതെങ്കിലും പ്രത്യേക പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ; | (ബി) | അയൽ സംസ്ഥാനങ്ങളിൽ നിന്നുള്ള മയക്കമരുന്ന് കടത്ത് തടയുന്നതിന് എക്സൈസ് വകുപ്പ് ചെക്ക് പോസ്റ്റുകളിലെ വാഹന പരിശോധനകൾ കർശനമാക്കിയിട്ടുള്ളതും അയൽ സംസ്ഥാനങ്ങളിലെ എൻഫോഴ്സ്മെന്റ് ഏജൻസികളുമായി ചേർന്ന് സംയുക്ത പരിശോധനകൾ നടത്തുകയും ചെയ്തു വരുന്നു. എക്സൈസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ തമിഴ്നാട്-കർണ്ണാടക സംസ്ഥാനങ്ങളിലെ പോലീസ് സേനയുമായും സംസ്ഥാനത്തിനകത്ത് പോലീസ്, ഫോറസ്റ്റ്, റവന്യൂ മറൈൻ എൻഫോഴ്സ്മെന്റ്, കോസ്റ്റൽ പോലീസ്, ആർ.പി.എഫ്. തുടങ്ങിയ വിഭാഗങ്ങളുമായി ചേർന്ന് ബന്ധപ്പെട്ട മേഖലകളിൽ സംയുക്ത പരിശോധനകളും നടത്തി വരുന്നു. കൂടാതെ അതിർത്തി പ്രദേശങ്ങളിൽ ബോർഡർ പട്രോളിംഗ് യൂണിറ്റുകൾ 24 മണിക്കൂറും വാഹനപരിശോധന നടത്തിവരുന്നു. കൂടാതെ |

| | | | |
|---|---|---|---|
| | | | എക്സൈസ് കമ്മീഷണറുടെ പ്രത്യേക സ്ക്വാഡുകളും ഷാഡോ എക്സൈസ്, എക്സൈസ് ഇന്റലിജൻസ് വിഭാഗങ്ങൾ പ്രത്യേക പരിശോധനകളും നിരീക്ഷണങ്ങളും നടത്തി വരുന്നതും ദേശീയപാതകളിൽ വാഹന പരിശോധന നടത്തി വരുന്നതുമാണ്. |
| (സി) | കൊയിലാണ്ടി എക്സൈസ് സ്റ്റേഷൻ പരിധിക്കുള്ളിൽ കഴിഞ്ഞ മൂന്ന് വർഷങ്ങൾക്കുള്ളിൽ റിപ്പോർട്ട് ചെയ്യപ്പെട്ട ലഹരി/മയക്കമരുന്ന് കേസുകൾ എത്രയാണെന്ന് വ്യക്തമാക്കാമോ? | (സി) | കൊയിലാണ്ടി എക്സൈസ് റേഞ്ച് ഓഫീസിൽ കഴിഞ്ഞ 3 വർഷങ്ങൾക്കുള്ളിൽ 59 മയക്കമരുന്ന് കേസുകളും 326 അബ്കാരി കേസുകളും ഉൾപ്പെടെ ആകെ 385 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**